# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1313 13.07.2016- ൽ മറുപടിയ്ക്ക്

### പ്രവാസിക്ഷേമ പദ്ധതി

**ചോദ്യം**

**ശ്രീ. കെ.സി. ജോസഫ്**
**ശ്രീ. പി.ടി.തോമസ്**
**ശ്രീ. അനിൽ അക്കര**
**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**

എ) പ്രവാസികളുടെ ക്ഷേമത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് മുൻ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
***(മുഖ്യമന്ത്രി)***

എ) പ്രവാസികളുടെ ക്ഷേമത്തിന് മുൻ സർക്കാർ രൂപം നല്കിയ പദ്ധതികൾ താഴെപ്പറയുന്നു.

1. പ്രവാസികളുടെ സ്വത്ത് കയ്യേറ്റം തുടങ്ങിയ വിവിധ പരാതികൾ പരിഹരിക്കുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷൻ രൂപീകരിച്ചു.
2. നോർക്ക വകുപ്പിനെയും നോർക്ക-റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ നല്കുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ ഏർപ്പെടുത്തി.
3. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവർക്കായി എൻ.ആർ.കെ ഇൻഷ്വറൻസ് കാർഡ് ഏർപ്പെടുത്തി.
4. തിരികെയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിരവരുമാനം കണ്ടെത്തുന്നതിലേയ്ക്കായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

പദ്ധതി മുഖേന വായ്പ നല്കുന്നതിന് സംവിധാനം ഏർപ്പെടുത്തി.

5. നിക്ഷേപ സാദ്ധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നോർക്ക ബിസിനസ് സഹായ കേന്ദ്രം (NBFC) ഏർപ്പെടുത്തി.

ബി) സംസ്ഥാനത്ത് മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

ബി) മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

മടങ്ങിയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

ചുരുങ്ങിയത് രണ്ടു വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

സി) മടങ്ങിയെത്തുന്ന പ്രവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നതെന്ന് വിശദമാക്കുമോ ;

സി) മടങ്ങിയെത്തുന്ന പ്രവാസികൾക്കായി പ്രവാസികാര്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1. സാന്ത്വന

മടങ്ങിയെത്തി ദുരിതമനുഭവിക്കുന്ന-പ്രവാസികൾക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്രവാസികാര്യ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ *'സാന്ത്വന'* പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 1,00,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ തിരികെയെത്തിയ പ്രവാസി മലയാളികളുടെ/അടുത്ത കുടുംബാംഗങ്ങളുടെ ചികിൽസയ്ക്ക് 50,000/- രൂപ വരെയും, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 15,000/- രൂപ വരെയും, പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 10,000/- രൂപ വരെയും, മരണമടഞ്ഞ പ്രവാസിയുടെ ആശ്രിതർക്ക് 1,00,000/- രൂപ വരെയും ധനസഹായം ഒറ്റതവണയായി പ്രവാസികാര്യ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നല്കി വരുന്നു.

2. ചെയർമാൻ ഫണ്ട്

തിരികെ വന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി ചെയർമാൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ചെയർമാൻ ഫണ്ടിന് കീഴിൽ വാർഷിക വരുമാന പരിധി 1,00,000/- രൂപയിൽ താഴെയുള്ളവർക്ക് 1,00,000/- രൂപ വരെ മരണാനന്തര സഹായമായും/ചികിത്സാ സഹായമായി 50,000/- രൂപ വരെയും/വീൽചെയർ-ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് 10,000/- രൂപ വരെയും ധനസഹായമായി അനുവദിക്കുന്നുണ്ട്. വിവാഹ ധനസഹായമായി 15,000/- രൂപ വരെയും അനുവദിക്കാറുണ്ട്.

3. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ് (NDPREM).

4. പ്രവാസിക്ഷേമനിധി

കുറഞ്ഞത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയിട്ടുള്ള അർഹരായവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമനുവദിക്കുകയും ബോർഡിൽ നിന്നുള്ള അർഹമായ ആനുകൂല്യങ്ങൾ (പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭാസ ഗ്രാന്റ്) അനുവദിക്കുകയും ചെയ്യുന്നുണ്ട്.

ഡി) വിദേശത്തെ സംഘർഷ മേഖലകളിൽ നിന്നും മലയാളികളെ നാട്ടിലെത്തിക്കാൻ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ ?

ഡി) വിദേശ രാജ്യങ്ങളിലെ സംഘർഷ മേഖലകൾ ഉൾപ്പെടെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ കഴിയുന്ന പ്രവാസി കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതിന് 'എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം വിദേശരാജ്യങ്ങളിൽ ആഭ്യന്തര കലാപം, യുദ്ധം തുടങ്ങി സമാനമായ സന്ദർഭങ്ങളിൽ പ്രവാസി കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ഫണ്ട് ഉപയോഗപ്പെടുത്തി വിദേശരാജ്യങ്ങളിൽ നിന്നും 4116 കേരളീയരെ തിരികെയെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ

രാജ്യങ്ങളിൽ കുടുങ്ങിപ്പോയ പ്രവാസി മലയാളികളെ ഒഴിപ്പിക്കേണ്ടി വന്ന സാഹചര്യങ്ങളിൽ പ്രവാസികാര്യ വകുപ്പിന്റെയും നോർക്ക റൂട്ട്സിന്റെയും ആഭിമുഖ്യത്തിൽ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകൾക്ക പുറമെ മുംബെയിലും, ഡൽഹിയിലുമുള്ള എയർപോർട്ടുകളിലും ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുകയും പ്രസ്തുത കേന്ദ്രങ്ങളിൽ തിരികെയെത്തുന്നവർക്ക് രജിസ്ട്രേഷൻ സൗകര്യവും ലഭ്യമാക്കിയിരുന്നു. മുംബൈ, ഡൽഹി, വിമാന താവളങ്ങളിൽ എത്തിച്ചേർന്നവർക്ക് അവിടെ താമസ സൗകര്യം, ഭക്ഷണം എന്നിവ നല്കാനും വിമാന/റയിൽ മാർഗ്ഗം നാട്ടിലെത്തിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് എത്തിച്ചേരുന്ന സ്ഥലത്തെ വിമാനതാവളത്തിൽ നിന്നും നാട്ടിലെത്തിക്കുന്നതിന് വാഹന സൗകര്യവും ചെലവുകൾക്കായി 2000 രൂപയും നല്കിയിരുന്നു. 2015 ൽ യമനിൽ കലാപത്തെ തുടർന്ന് കുടുങ്ങിപ്പോയ കേരളീയരെ പ്രസ്തുത പദ്ധതി പ്രകാരം തിരികെയെത്തിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ